**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7414** **17.7.2012-ൽ മറുപടിക്ക്**

**പുതുതായി നിലവിൽ വന്ന നഗരസഭകൾക്ക് ആസ്ഥാന മന്ദിരം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് പുതുതായി നിലവിൽ വന്ന നഗരസഭകൾക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കാൻ എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്ന് അറിയിക്കാമോ; | എ) | പുതുതായി നിലവിൽ വന്ന നഗരസഭകൾക്ക് പശ്ചാത്തല വികസനത്തിനായി ജി.ഒ.(സാധ)705/12/തസ്വഭവ തീയതി 9.3.2012 പ്രകാരം 1.5 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| ബി) | ഇനിയും സ്ഥലം ലഭ്യമാക്കാൻ കഴിയാത്തതിനാൽ പ്രസ്തുത തുക വിനിയോഗിക്കാൻ കഴിയാത്ത നഗര സഭകൾക്ക് സ്ഥലം വാങ്ങുവാൻ കൂടുതൽ തുക അനുവദിക്കുകയോ സ്ഥലം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്യുമോ ; | ബി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| സി) | നീലേശ്വരം നഗരസഭ സ്ഥലം ലഭ്യമാക്കുന്നതിന് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | സി) | നീലേശ്വരം നഗരസഭ സ്ഥലം ലഭ്യമാക്കുന്നതിന് സർക്കാരിനെ സമീപിച്ചിട്ടുണ്ട്. നീലേശ്വരം നഗരസഭയിലെ ആസ്ഥാനമന്ദിരം, ബസ് സ്റ്റാന്റ് നവീകരണം ഉൾപ്പെടെയുള്ള അടിസ്ഥാന വികസനത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള നീലേശ്വരം കരുവാച്ചേരി സ്ഥലത്തിൽ നിന്ന് 2 ഏക്കർ നഗരസഭയ്ക്കു വേണ്ടി അനുവദിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**